"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയം ഭരണ (ആർ.സി)വകുപ്പ്
Email- lsgdrc15@gmail.com, PH. 0471 - 2518630

നം. ആർ.സി.1/262/2024/ത.സ്വ.ഭ.വ 22-10-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- തസ്വഭവ– സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ്ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിന് നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസർമാരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈനെ/വെബ്പോർട്ടൽ/വെബ്-സൈറ്റ് എന്നിവിടങ്ങളിൽ അപ് ലോഡ്ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ്(സാധാ).1946/2024/LSGD dated 16.10.2024.
2. ബഹു. ഹൈക്കോടതിയുടെ WP(C) 22750/2022 നമ്പർ റിട്ട് പെറ്റീഷനിലെ 16/10/2024 തീയതിയിലെ വിധിന്യായം.

സൂചന (1) ലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സൂചന (1) - ൽ വിവരിക്കുന്ന ജില്ലാ നോഡൽ ഓഫീസർമാരുടെ പേരുവിവരങ്ങളും ഫോൺനമ്പരുകളും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുടെയും അനുബന്ധ സംവിധാനങ്ങളുടെയും ഓൺലൈൻ/ വെബ്പോർട്ടൽ/ വെബ്-സൈറ്റ് എന്നിവിടങ്ങളിൽ കൂടി ലഭ്യമാക്കത്തക്ക രീതിയിൽ ഉൾപ്പെടുത്തി സൂചന (2) ലെ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം അടിയന്തരമായി നടപ്പാക്കണമെന്ന് അറിയിക്കുന്നു. കൂടാതെ നോഡൽ ഓഫീസർമാരുടെ ഫോൺ നമ്പറുകൾ ഏത് സമയത്തും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
JAYAKUMARI P
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

Signed by
Pradeesh M.
Date: 23-10-2024 11:04:59

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:- തദ്ദേശ സ്വയം ഭരണ (ഇ ജി)വകുപ്പിന് - (എല്ലാ തദ്ദേശ സ്വയം ഭരണ, സർക്കാർ വൈബ് പോർട്ടലുകളിലും, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും നോഡൽ ഓഫിസർമാരുടെ ഫോൺ

നമ്പറുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സൂചന 1, 2 എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).